# തപ്ത സ്മൃതികളോടെ

**അമ്പത് വർഷങ്ങൾക്കുള്ളിൽ വിടപറഞ്ഞവർ ഏറെയുണ്ട്. ജമാഅത്തിൽ അംഗത്വമുണ്ടായിരുന്ന വരിൽ തന്നെ 108 പേർ മൺമറഞ്ഞുപോയിരിക്കുന്നു. കാർകൂനുകളും മുത്തഫിഖുകളുമായിരുന്ന വരുടെ എണ്ണം ഇതിലും എത്രയോവരും. അവരെല്ലാം തങ്ങളുടേതായ മേഖലയിൽ പ്രസ്ഥാനത്തിന് സമർപ്പിച്ചിട്ടുള്ള സേവനങ്ങൾ വിലപ്പെട്ടതാണ്. എല്ലാവരെയും പ്രത്യേകം പ്രത്യേകം അനുസ്മരിക്കുക സാധ്യമല്ല. അതിനാൽ പ്രസ്ഥാനത്തിന്റെ നേതൃ നിരയിലുണ്ടായിരുന്ന ഏതാനും പേരെകുറിച്ച് മാത്രമേ ഇവിടെ പരാമർശിക്കുന്നുള്ളൂ. സർവശക്തനായ അല്ലാഹു എല്ലാവരുടെയും സേവനങ്ങൾ സൽകർമങ്ങളായി സ്വീകരിക്കുമാറാകട്ടെ.**

## ഇസ്സുദ്ദീൻ മൗലവി

ഇരുപതുകളുടെ മധ്യംമുതൽ എഴുപതുകളുടെ മധ്യംവരെ കേരളത്തിലുടനീളം നിരന്തരം ഓടിനടന്ന ഒരു കർമ്മഭടനുണ്ടായിരുന്നു. ഇസ്സുദ്ദീൻ മൗലവി. അന്ധവിശ്വാസത്തിന്റെയും അനാചാരത്തിന്റെയും അജ്ഞതയുടെയും ചരൽക്കൂമ്പാരത്തിനിടയിൽ മൂടപ്പെട്ട കനൽത്തരികൾ ഊതിയൂതി മുസ്‌ലിം സമൂഹമധ്യെ പഴയ പ്രതാപത്തിന്റെ അഗ്നിജ്വാലകളുയർത്താൻ അദ്ദേഹം അക്ഷീണം പ്രയത്നം ചെയ്തു. കേരളക്കരയിൽ അങ്ങുനിന്നിങ്ങോളമുള്ള പള്ളികൾക്ക് ആ നാദം സുപരിചിതമാണ്. അവയുടെ കൽച്ചുമരുകൾ മലവെള്ളപ്പാച്ചിൽ പോലുള്ള അദ്ദേഹത്തിന്റെ വാഗ്ധോരണി ഇന്നും അനുസ്മരിക്കപ്പെടുന്നുണ്ടാവും. ഉത്തരവാദബോധം നശിച്ച സമുദായത്തിന്റെ ജീവപോഷണാർഥം അദ്ദേഹം ചെയ്ത ഭക്തിരസം കവിഞ്ഞൊഴുകുന്ന പ്രഭാഷണങ്ങൾ പരസഹസ്രം ഹൃദയങ്ങളെ കർമ്മവേദിയിലേക്കാനയിച്ചു. വളരെക്കാലം ജമാഅത്തെ ഇസ്‌ലാമി മജ്‌ലിസ് ശൂറാ അംഗമായിരുന്ന ഇസ്സുദ്ദീൻ മൗലവിയുടെ പ്രസംഗം ജമാഅത്ത് സമ്മേളനങ്ങളുടെ ജീവഘടകമായിരുന്നു. മതപ്രബോധനത്തിന്റെ മർമ്മമായ യുക്തിദീക്ഷ (ഹിക്മഃ)യും സദുപദേശ (മാഇളഃ ഹസനഃ) വികാരവും ഉൾകൊണ്ട മഹാനുഭാവനായിരുന്നു അദ്ദേഹം. പാണ്ഡിത്യം ഒട്ടും ശുഷ്കമായിരുന്നില്ല എന്നതായിരുന്നു അദ്ദേഹത്തിന്റെ പ്രത്യേകത. നിരുപദ്രവകരവും ഹൃദ്യവുമായ നർമ്മബോധം അദ്ദേഹത്തെ അനുഗ്രഹിച്ചിരുന്നു.

പള്ളി ദർസുകളിൽ പ്രാഥമിക പഠനവും ഉമറാബാദിലെ ജാമിഅഃ ദാറുസ്സലാമിൽ ഉപരിപഠനവും നടത്തിയ ഇസ്സുദ്ദീൻ മൗലവിയുടെ തീവ്രാഭിലാഷമായിരുന്നു കേരളത്തിൽ ഒരുന്നത കലാലയം സ്ഥാപിക്കുക എന്നത്. ഈ ലക്ഷ്യസാക്ഷാൽക്കരണത്തിന് ദൃഢനിശ്ചയത്തോടെ ഇറങ്ങിത്തിരിച്ച മൗലവി വടക്കെ മലബാറിലെ നിരവധി ഗ്രാമങ്ങളിൽ സഹകരണവും തേടി നടക്കുകയുണ്ടായി. പലരും നിസ്സഹകരിച്ചപ്പോഴും, അവജ്ഞയോടെ പെരുമാറിയപ്പോഴും തളരുകയോ പതറുകയോ ചെയ്യാതെ മൗലവി തന്റെ തീരുമാനത്തിൽ ഉറച്ച് നിന്നു. ഈ ദൃഢനിശ്ചയത്തിന്റെ അനന്തരഫലമാണ് വടക്കെ മലബാറിൽ തലയെടുപ്പോടെ ഉയർന്ന് നിൽക്കുന്ന ആലിയാ അറബിക് കോളേജ്. ആലിയയുടെ സ്ഥാപനത്തിലും വികസനത്തിലും അദ്ദേഹം അർപിച്ച ത്യാഗങ്ങൾ നിസ്തുലമാണ്. കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽ 400 ഓളം മദ്റസകൾ മൗലവിയുടെ ശ്രമഫലമായി സ്ഥാപിതമായിട്ടുണ്ട്. ശാന്തപുരം ഇസ്‌ലാമിയാ കോളേജിന്റെ മുഖ്യശിൽപി കൂടിയാണ് ഇസ്സുദ്ദീൻ മൗലവി.

അപരിചിത ദേശത്ത് ചെല്ലുമ്പോൾ ജനങ്ങളെ ആകർഷിക്കാൻ മർഹൂം ഇസ്സുദ്ദീൻ മൗലവി ചില പൊടിക്കൈകൾ പ്രയോഗിക്കാറുണ്ടായിരുന്നു. പല ഹിക്മത്തുകളും അദ്ദേഹം സ്വീകരിക്കാറുണ്ടായിരുന്നു. ഒരിക്കൽ ഒരിടത്തു ചെന്ന് അവിടുത്തെ പള്ളിയിൽ പ്രസംഗിക്കാൻ ഉദ്ദേശിച്ചു. ആദ്യമായദ്ദേഹം ചെയ്തത് പരിസരത്തുണ്ടായിരുന്ന കുട്ടികൾക്ക് കടയിൽനിന്ന് കുറെ വാഴപ്പഴം വാങ്ങി വിതരണം ചെയ്യുകയാണ്. കുട്ടികൾ വീട്ടിലും നാട്ടിലും പഴംവാങ്ങിത്തന്ന മുസ്‌ല്യാര പറ്റി പറഞ്ഞു നടന്നു. ഇത് മൂലം മൈക്ക് അനൗൺസ്മെന്റില്ലാതെ നല്ലൊരു ജനക്കൂട്ടത്തെ ശ്രോതാക്കളായി ലഭിച്ചു.

മറ്റൊരിക്കൽ രത്രി സമയത്ത് ശ്രോതാക്കൾ കുറഞ്ഞ സ്ഥലത്ത് പ്രസംഗിക്കാൻ ചെന്നപ്പോൾ ഒരു പന്തമുയർത്തിപ്പിടിക്കാൻ ഒരാളടാവശ്യപ്പെട്ടു. പന്തത്തിന്റെ വെളിച്ചവും ശബ്ദവും കൗതകമുണർത്തിയ നാട്ടുകാർ ഓരോരുത്തരായി അങ്ങോട്ട് വന്നു. ഇത് കണ്ട മൗലവി പിന്നെ പുറം തിരിഞ്ഞുനിന്നായി പ്രസംഗം. ഈ അത്യപൂർവ രീതി ജനങ്ങളുടെ കൗതുകം കൂടുതൽ വർദ്ധിപ്പിച്ചു. മൗലവിയാകട്ടെ തിരിഞ്ഞുനോക്കാതെ അത്യാവേശകരമായി പ്രസംഗം തുടർന്നു. മൗലവിയുടെ ഇത്തരം 'വിചിത്രരീതി' സാധാരണക്കാരായ ആളുകളെ അദ്ദേഹം പറഞ്ഞ കാര്യങ്ങൾ ഗൗരവപൂർവം ഉൾകൊള്ളാൻ പ്രേരിപ്പിച്ചു കാണും.

## കെ.പി.കെ. അഹ്മദ് മൗലവി

ജമാഅത്തെ ഇസ്‌ലാമി കേന്ദ്രപ്രതിനിധി സഭാംഗം, കേരള ശൂറാമെമ്പർ, മേഖലാനാസിം എന്നീ നിലകളിൽ നിരവധി സേവനങ്ങളർപ്പിച്ച വ്യക്തിയാണ് കെ.പി.കെ. അഹ്മദ് മൗലവി.

1928 ലാണ് കെ.പി.കെ.യുടെ ജനനം. തലശ്ശേരി ദാറുസ്സലാം യത്തീംഖാന, പുളി

ക്കൽ മദീനത്തുൽ ഉലൂം അറബിക്കോളേജ്, നദ്‌വത്തുൽ ഉലമാ (ലക്നോ) എന്നിവിടങ്ങളിൽനിന്ന് വിദ്യ അഭ്യസിച്ച കെ.പി.കെ. പഠിക്കുന്ന കാലത്ത്തന്നെ തനിക്ക് തെറ്റാണെന്ന് തോന്നുന്നതിനെയെല്ലാം തുറന്നെതിർക്കുന്ന പ്രകൃതക്കാരനായിരുന്നു. ഈ ആദർശധീരത അന്ത്യനിമിഷം വരെ കാത്തുസൂക്ഷിച്ച അദ്ദേഹം പ്രശസ്തനായ പണ്ഡിതനും ഉജ്ജ്വലവാഗ്മിയും ഊർജസ്വലനായ സംഘാടകനുമായിരുന്നു. ആലിയ അറബിക് കോളേജിൽ പഠിച്ചുകൊണ്ടിരിക്കുമ്പോഴാണ് അദ്ദേഹം ജമാഅത്തെ ഇസ്‌ലാമിയുമായി ബന്ധപ്പെടുന്നത്. 1959-ൽ സംഘടനയിൽ അംഗത്വം നേടി. സംഘടനക്ക് നിരവധി മേഖലകളിൽ നേതൃത്വം നൽകിയതിന് പുറമെ ശാന്തപുരം ഇസ്‌ലാമിയാ കോളേജിൽ അധ്യാപകനായും കുറ്റ്യാടി ഇസ്‌ലാമിയാ കോളേജ് പ്രിൻസിപ്പളായും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. പ്രസ്ഥാനത്തിന് നായകത്വം നൽകിയ, വിശിഷ്യാ കൊല്ലം, പാലക്കാട് തിരുവനന്തപുരം ജില്ലകളിൽ നാസിമെന്ന നിലക്ക് പ്രസ്ഥാനത്തെ വളർത്തിയെടുത്ത ആ കർമ്മയോഗിക്ക് അധികകാലം തുടരാനായില്ല. 1974 ജനുവരി 4 ന് ഹൃദയസ്തംഭനം നിമിത്തം കെ.പി.കെ. മരണപ്പെട്ടു.

## ഇസ്ഹാഖലി മൗലവി

ആദ്യകാലത്ത് ഇസ്‌ലാമിക പ്രസ്ഥാനത്തെ കേരളത്തിൽ നട്ടുവളർത്തുന്നതിൽ മുൻപന്തിയിലുണ്ടായിരുന്നവരിൽ അഗ്രഗണ്യനാണ് മർഹൂം ടി. ഇസ്ഹാഖലി മൗലവി. 1948-ൽ ജമാഅത്തെ ഇസ്‌ലാമിയുടെ കേരള ഘടകം രൂപീകൃതമായത് മുതൽ പ്രസ്ഥാനത്തിൽ അംഗമായ മൗലവി, തുടർന്നങ്ങോട്ട് സംഘടനക്ക് വളരാനുള്ള അവസരമൊരുക്കുക എന്ന ദൃഢനിശ്ചയുമായാണ് പ്രവർത്തന നിരതനായത്. നന്മയിൽ പ്രതിപത്തിയും തിന്മയിൽ വിരക്തിയുമുള്ള നല്ല മനസ്സുകളെ തേടി നടക്കുകയായിരുന്നു അദ്ദേഹം. സഞ്ചരിക്കാൻ കാലുകളവലംബിച്ചും ഉറങ്ങാനിടം കിട്ടാതെയും ആഹാരപാനീയങ്ങൾ പോലും അവഗണിച്ചും ആ പരിശ്രമം തുടർന്നുകൊണ്ടിരുന്നു.

50 കളുടെ ആദ്യം മുതൽ ജമാഅത്ത് പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിലും നയരൂപീകരണത്തിലും വ്യക്തിമുദ്ര പതിപ്പിച്ച മൗലവി, ജമാഅത്തെ ഇസ്‌ലാമി കേന്ദ്രപ്രതിനിധിസഭാംഗം, കേരള ശൂറാഅംഗം, ഗ്രന്ഥരചനാ വിഭാഗം തലവൻ എന്നീ നിലകളിൽ അർപിച്ച സേവനങ്ങൾ മഹത്തരമാണ്. പ്രബോധനം വാരികയിൽ 'അബൂ ശാക്കിർ' എന്ന തൂലികാനാമത്തിൽ 'പ്രശ്നവും വീക്ഷണവും' എന്ന പംക്തി വളരെ കാലം കൈകാര്യം ചെയ്തത് മൗലവിയാണ്. മൗലാനാ മൗദൂദിയുടെ തഫ്ഹീമുൽ ഖുർആന്റെ മലയാള വിവർത്തകരിൽ ഒരാൾ കൂടിയാണദ്ദേഹം.

നല്ല ഒരധ്യാപകനും പ്രഗൽഭനായൊരു വിദ്യാഭ്യാസ ചിന്തകനുമായിരുന്നു മൗലവി. ശാന്തപുരം, ചേന്ദമംഗല്ലൂർ കോളേജിൽ അധ്യാപകനായും കുറ്റ്യാടി ഇസ്‌ലാമിയാ കോളേജിൽ പ്രിൻസിപ്പളായും അദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. നിരവധി മദ്രസാ പാഠപുസ്തകങ്ങളുടെ കർത്താവ് കൂടിയാണ്.

## പി. മുഹമ്മദ് ത്വാഊ മൗലവി

ജമാഅത്തെ ഇസ്‌ലാമി കേരള ശൂറാ അംഗം, ആലിയാ അറബിക് കോളേജ് പ്രിൻസിപ്പാൾ എന്നീ നിലളിൽ കേരള ജമാഅത്തിന് നിരവധി സേവനങ്ങളർപ്പിച്ച മഹൽ വ്യക്തിത്വമായിരുന്നു ത്വാഊ മൗലവി. ബഹുഭാഷാ പണ്ഡിതനും പ്രഗൽഭനായ വിദ്യാഭ്യാസ ചിന്തകനുമായ ഇദ്ദേഹം ജമാഅത്തെ ഇസ്‌ലാമിയിൽ കഴിവുറ്റ പ്രവർത്തകരെ വളർത്തിയെടുക്കുന്നതിൽ വഹിച്ച പങ്ക് പ്രസ്താവ്യമാണ്. ഇന്ന് കേരളത്തിൽ അറിയപ്പെടുന്ന ജമാഅത്ത് പ്രവർത്തകരിൽ പലരും അദ്ദേഹത്തിന്റെ ശിഷ്യഗണങ്ങളാണ്. തെക്കൻ കേരള ജംഇയ്യത്തുൽ ഉലമയുടെ പ്രമുഖാംഗമായിരുന്നു. മദ്രാസിലെ ജമാലിയയിലും ഉമറാബാദിലെ ദാറുസ്സലാമിലും പഠനം നടത്തിയ അദ്ദേഹം ഇസ്‌ലാമിക വിജ്ഞാനങ്ങളിലുള്ള തന്റെ പ്രാഗൽഭ്യം മുഴുവൻ ഉപയോഗിച്ചത് വിദ്യാഭ്യാസ പ്രബോധന രംഗത്തായിരുന്നു. കാസർകോഡ് ആലിയ അറബിക് കോളേജിനെ ഒരുന്നത കലാലയമാക്കി വളർത്തുന്നതിൽ പ്രിൻസിപ്പാളായ അദ്ദേഹം വഹിച്ച സേവനങ്ങൾ ശ്രദ്ധേയമാണ്.

പറയുന്നതിനേക്കാൾ പ്രവർത്തിക്കണമെന്ന നിർബന്ധമുണ്ടായിരുന്നു ത്വാഊ മൗലവിക്ക്. ഭൗതിക വിഭവങ്ങളുടെ സമൃദ്ധിയിൽ കഴിയാമായിരുന്ന അദ്ദേഹം അതെല്ലാം ഉപേക്ഷിച്ച് ലളിതമായ ജീവിത രീതി അവലംബിച്ചു. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കൂലംകുത്തിയൊഴുകുന്ന യാഥാസ്ഥിക സമൂഹത്തിൽ ഇസ്‌ലാമിന്റെ യഥാർഥ മുഖം കാട്ടിക്കൊടുക്കുന്നതിൽ അദ്ദേഹം അനൽപമായ സേവനങ്ങളാണർപ്പിച്ചത്. പലപ്പോഴും യാഥാസ്ഥികരിൽ നിന്നും കടുത്ത എതിർപ്പിന് വിധേയമായ വ്യക്തി കൂടിയാണദ്ദേഹം.

## എസ്.എം. ഹനീഫ് സാഹിബ്

ജമാഅത്തെ ഇസ്‌ലാമി കേന്ദ്ര പ്രതിനിധി സഭാംഗം, മജ്‌ലിസ് ശൂറാ അംഗം എന്നീ നിലകളിൽ പ്രസ്ഥാനത്തിന് നിരവധി സേവനങ്ങൾ ചെയ്ത മഹാനുഭാവനാണ് ജ: എസ്.എം. ഹനീഫ് സാഹിബ്. 1915-ലാണ് ഹനീഫ് സാഹിബിന്റെ ജനനം. പാലക്കാട് സ്വദേശിയായ ഇദ്ദേഹം ചെറുപ്പം മുതലേ വിവിധ ഭൗതിക രാഷ്ട്രീയ കക്ഷികളുമായി ബന്ധപ്പെടുകയും അവയിലെല്ലാം ഉന്നത സ്ഥാനങ്ങൾ വഹിക്കുകയും ചെയ്തിരുന്നു. ഇക്കാലത്ത് ജയപ്രകാശ് നാരായണനെപ്പോലുള്ള ഉന്നത വ്യക്തികളുമായി അദ്ദേഹത്തിന് ബന്ധമുണ്ടായിരുന്നു. അവിഭക്ത കമ്യൂണിസ്റ്റ് പാർട്ടിയിലെ സജീവ പ്രവർത്തകനായിരുന്ന അദ്ദേഹം ഒരു വർഷം ജയിൽ ശിക്ഷ അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. പട്ടാളത്തിൽ ചേർന്നെങ്കിലും കമ്യൂണിസ്റ്റുകാരനായതിന്റെ പേരിൽ സർവീസിൽനിന്നു പുറന്തള്ളപ്പെട്ടു.

1942 മുതൽ 52 വരെയുള്ള കാലയളവിൽ അദ്ദേഹം മുസ്‌ലിംലീഗിന്റെ സജീവ പ്രവരത്തകനായി മാറി. മുഹമ്മദലി ജിന്ന, ലിയാഖത്തലി ഖാൻ എന്നിവരുമായി അടുത്ത് ബന്ധമുണ്ടായിരുന്ന അദ്ദേഹം, ആദർശ രംഗത്തെ മുസ്‌ലിംലീഗിന്റെ അയഞ്ഞ നിലപാടിൽ അസംതൃപ്തനായിരുന്നു. ഈ അസംതൃപ്തിയാണ് ലീഗിൽ നിന്ന് രാജിവെക്കാനും തുടർന്ന് ആദർശത്തിന് പ്രഥമ പരിഗണ നൽകുന്ന ജമാഅത്തെ ഇസ്‌ലാമിയുമായി ബന്ധപ്പെടാനും അദ്ദേഹത്തിന് പ്രേരണ നൽകിയത്. 52-ൽ ലീഗിൽ നിന്ന് രാജിവെക്കും മുമ്പ് ലീഗിനെ ആദർശവൽക്കരിക്കാൻ അദ്ദേഹം സമർപ്പിച്ച പതിനാലിന നിർദേശങ്ങൾ തള്ളപ്പെടുകയാണുണ്ടായത്.

ഇസ്‌ലാമിക പ്രസ്ഥാനവുമായി ബന്ധപ്പെട്ടതോടെ തന്റെ മുഴുവൻ അധ്വാന പരിശ്രമങ്ങളും പ്രസ്ഥാനത്തിന് വേണ്ടിയാണ് അദ്ദേഹം വ്യയം ചെയ്തത്. പാലക്കാട്ടെ സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ നിറഞ്ഞുനിൽക്കുന്ന അദ്ദേഹം പ്രദേശത്തെ പല തൊഴിൽ-കുടുംബ പ്രശ്നങ്ങളും അനുരഞ്ജനത്തിലെത്തിക്കുന്നതിൽ സമർഥമായ നേതൃത്വം വഹിച്ചിട്ടുണ്ട്. മജ്‌ലിസുന്നുഖ്ബ അംഗം, ജമാഅത്തെ ഇസ്‌ലാമി പാലക്കാട് ജില്ലാ സെക്രട്ടറി എന്നീ നിലകളിൽ അദ്ദേഹം ചെയ്ത സേവനങ്ങൾ പ്രസ്താവ്യമാണ്. പാലക്കാട്, കോയമ്പത്തൂർ മേഖലകളിൽ പ്രസ്ഥാനത്തിന്റെ ശക്തി ശ്രോതസ്സായിരുന്നു ഹനീഫ് സാഹിബ്. 1972 ഡിസംബറിൽ മുൻ കേരള അമീർ കെ.സി. അബ്ദുല്ല മൗലവിയോടൊപ്പം ഡി.ഐ.ആർ. പ്രകാരം അറസ്റ്റ് ചെയ്യപ്പെട്ടിരുന്നു. 1973 സപ്തമ്പർ ന് തന്റെ 57-ാമത്തെ വയസ്സിൽ പെട്ടെന്നുണ്ടായ അസുഖത്തെ തുടർന്ന് ആ കർമ്മയോഗി ഈ ലോകത്തോട് വിട പറഞ്ഞു.

## ടി. മഹമ്മദ് സാഹിബ്

ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ആദ്യകാല നേതാക്കളിൽ ഒരാൾ, പണ്ഡിതൻ, പത്രപ്രവർത്തകൻ, വിദ്യാഭ്യാസ വിചക്ഷകൻ, ചരിത്ര ഗവേഷകൻ എന്നീ നിലകളിലെല്ലാം മുസ്‌ലിം കേരളത്തിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച മഹാനുഭാവനാണ് ടി. മുഹമ്മദ് സാഹിബ്.

'പ്രബോധനം' ആരംഭിച്ചത് മുതൽ അതിന്റെ ആദ്യകാല പ്രവർത്തകനായ ടി.എം. അർപ്പിച്ച സേവനങ്ങൾ മഹത്തരമാണ്. മർഹൂം വി.പി. മുഹമ്മദലി സാഹി

ബിന്റെ നിര്യാണത്തെത്തുടർന്ന് 'പ്രബോധന'ത്തിന്റെ പത്രാധിപരായ ടി.എ. മലയാളത്തിലെ ഏറ്റവും മികച്ച പ്രസിദ്ധീകരണമായി പ്രബോധനത്തെ വളർത്തിയെടുത്തു. തന്റെ വശ്യമായ തൂലികയിലൂടെ പ്രസ്ഥാന പ്രവർത്തകരെ കർമ്മ നിരതരാക്കാനും ആവേശംകൊള്ളിക്കാനും അദ്ദേഹം അക്ഷീണം യത്നം ചെയ്തു. അദ്ദേഹത്തിന്റെ ധിഷണാ പാടവവും അഗാധ പാണ്ഡിത്യവും പ്രബോധനം വായനക്കാരെ വൈജ്ഞാനികമായി ഉയർത്തുന്നതിൽ വിപുലമായ പങ്കാണ് വഹിച്ചത്. കേരളത്തിലെ മതവ വിദ്യാഭ്യാസം പുരോഗമന പരമായി സംവിധാനിക്കുന്നതിനുവേണ്ടി ധാരാളം പ്രവർത്തനങ്ങൾ അദ്ദേഹം നടത്തിയിട്ടുണ്ട്. ചരിത്ര ഗവേഷണത്തിലും ടി.എമ്മിനുള്ള പാടവം പ്രസ്താവ്യമാണ്. അദ്ദേഹത്തിന്റെ 'ഭാരതീയ സംസ്കാരത്തിന്റെ അടിയൊഴുക്കുകൾ', 'അബുൽ അഅ്ലാ' തുടങ്ങിയ കൃതികളും 'മലബാർ കലാപ'ത്തെക്കുറിച്ച രചനകളും ചരിത്ര വിജ്ഞാനങ്ങളിൽ അദ്ദേഹത്തിനുള്ള അറിവും ചരിത്രാവബോധവും വിളിച്ചറിയിക്കുന്നു.

അടങ്ങാനാവാത്ത വിജ്ഞാന ദാഹവും ധിഷണാവൈഭവവും കഠിനാധ്വാനവുമായിരുന്നു ടി.എമ്മിന്റെ പാണ്ഡിത്യത്തിന്നാധാരം. ബാല്യത്തിൽ രണ്ടാം ക്ലാസിൽവെച്ച് ഔപചാരിക വിദ്യാഭ്യാസം അവസാനിപ്പിക്കേണ്ടിവന്ന അദ്ദേഹം പള്ളി ദർസുകളുടെ സഹായത്താൽ സ്വപരിശ്രമങ്ങളിലൂടെ വളരുകയായിരുന്നു.

നിരവധി ഗ്രന്ഥങ്ങളുടെ കർത്താവ് കൂടിയാണ് ടി.എം. അദ്ദേഹത്തിന്റെ 'ആധുനിക ചിന്തകൾ' എന്ന ഗ്രന്ഥം ആധുനിക പ്രശ്നങ്ങൾക്ക് ഇസ്ലാമിക പരിഹാരം സമർപ്പിക്കുന്നു. ഉയർന്ന ചിന്ത, എളിയ ജീവിതം എന്ന തത്വം ജീവത്തിലുടനീളം ഉയർത്തിപ്പിടിച്ചു അദ്ദേഹം. 88 ജൂലൈ 10-ന് അദ്ദേഹം മരണമടഞ്ഞു.